ഡി.എ. : 5,394/

വീട്ടു വാടക : അടിസ്ഥാന ശമ്പളത്തിന്റെ 40%

സൽക്കാർ ചെലവ് : പ്രതിമാസം 250 രൂപ

കൂടാതെ ഔദ്യോഗിക കാർ പ്രൈവറ്റ് ഉപയോഗത്തിനായി ത്രൈമാസം 1500 കി.മീറ്റർ വരെ ഉപയോഗിക്കാം.

9 (405) വേമ്പനാട്ടുകായലിലെ മത്സ്യസമ്പത്ത്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. ബാബു :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടു കായലിലെ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കായലിലെ ഏതെല്ലാം ഇനം മത്സ്യങ്ങളാണ് കുറഞ്ഞുവരുന്നത്;

(സി) ഏതെല്ലാം ഇനം മത്സ്യങ്ങൾ ഇല്ലാതായിട്ടുണ്ട്;

(ഡി) വേമ്പനാട്ടു കായലിൽ കുറഞ്ഞുവരുന്ന മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണുള്ളത്;

(ഇ) ഈ പദ്ധതിക്ക് എന്തെങ്കിലും പാളിച്ച പറ്റിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) വേമ്പനാട്ടു കായലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ വേണ്ടി ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെയും കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെയും പഞ്ചായത്തുകളുടെയും സഹകരണത്തോടെ "വേമ്പനാട്ടു കായലിൽ മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കൽ" എന്ന പദ്ധതിക്ക് 15.12.97-ൽ സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 1997-98 മുതൽ മൂന്നു വർഷത്തേക്ക് 62.69 ലക്ഷം രൂപ ചെലവു കണക്കാക്കിയിട്ടുള്ളതും ആയതിന് അംഗീകാരവും നൽകിയിട്ടുള്ളതുമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ഫിഷറീസ് വകുപ്പ് സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly